മത്താ. 25:14-30

**പള്ളിക്കൂദാശ മൂന്നാം ഞായർ**

**2024 നവംബർ 17**



**ഫാ. ജിനു ചെത്തിമറ്റം**

വചനസന്ദേശം

# താലന്തുകളുടെ ഉപമ

യേശുക്രിസ്തുവിന്റെ ഉപമകൾ നമ്മെ ജീവിതത്തിൽ വിവിധ സത്യങ്ങൾ പഠിപ്പിക്കുന്നവയാണ്. യേശു പറഞ്ഞ ഒരുപാട് പ്രധാനപ്പെട്ട ഉപമകളിൽ ഒന്നാണ് താലന്തകളുടെ ഉപമ. ഈ ഉപമയെ കഴിവുകളുടെ ഉപമ എന്നും വേണമെങ്കിൽ നമുക്ക് വിശേഷിപ്പിക്കാം. ഈ ഉപമയിൽ നാം കാണുന്ന കഥ കർത്താവിന്റെ അനുഗ്രഹങ്ങൾക്കുള്ള മനുഷ്യന്റെ ഉത്തരവാദിത്വത്തെക്കുറിച്ചാണ്. ഒരു യജമാനൻ യാത്ര പോകുന്നതിനു മുമ്പ് തന്റെ ദാസന്മാരിൽ ചിലരെ വിളിച്ച് കുറച്ചു താലന്തുകൾ ഏൽപ്പിക്കുന്നു. ഒരാൾക്ക് 5, രണ്ടാമത്തെയാൾക്ക് 3, മൂന്നാമത്തെയാൾക്ക് 1.

യജമാനൻ എന്താണ് തന്റെ ദാസരോട് പക്ഷാഭേദം കാണിക്കുന്നത് എന്നു വേണമെങ്കിൽ നമുക്ക് ചിന്തിക്കാം. എന്നാൽ ഓരോരുത്തരെയും നന്നായി മനസ്സിലാക്കുന്ന യജമാനൻ അവരുടെ കഴിവനുസരിച്ചാണ് അവർക്കു താലന്തുകൾ നൽകുന്നത്. ഒന്നാമനും രണ്ടാമനും തന്റെ യജമാനന്റെ നന്മയും ഉദ്ദേശ്യവും തിരിച്ചറിഞ്ഞ് കൊടുത്ത താലന്തുകൾ വർധിപ്പിച്ച് തിരിച്ചു കൊണ്ടുവരുന്നു. മൂന്നാമത്തെയാൾ താലന്ത് മറച്ചുവയ്ക്കുകയും അതിനെ ഒട്ടും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു. ദൈവം നമുക്കു തന്നിരിക്കുന്ന ആത്മീയ നന്മകളും ഭൗതിക വിഭവങ്ങളും നാം എങ്ങനെ ഉപയോഗിച്ചു എന്നതിന് നാം ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടതുണ്ട് എന്ന ഓർമ്മപ്പെടുത്തലും കൂടിയാണ് ഈ ഉപമ.

ഭയവും സുരക്ഷിതത്വവും മുന്നോട്ടുപോകുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും നമ്മെ തടസ്സപ്പെടുത്തുന്ന രണ്ട് കാര്യങ്ങളാണ്. ഉപമയിൽ ഏക താലന്തിന്റെ ഉടമയായ ദാസൻ തന്റെ പ്രവൃത്തികൾ നിശ്ചലമാക്കുകയാണ്. വിമർശനങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാൻ അവൻ തന്റെ പണം കുഴിച്ചിട്ടു. നമ്മുടെ ജീവിതത്തിൽ ദൈവം നൽകിയിട്ടുള്ള കഴിവുകളെ ദൈവത്തിനും മറ്റുള്ളവർക്കുംവേണ്ടി എടുത്തുപയോഗിക്കാൻ നമുക്ക് കഴിയണം. ഒരർത്ഥത്തിൽ സുവിശേഷം നൽകുക, വചനമായ യേശുവിനെ മറ്റുള്ളവർക്കായി നൽകുക എന്നതാണ് ഏറ്റവും വലിയ താലന്തനുഭവം എന്നും നാം മനസ്സിലാക്കണം. ആകയാൽ ഭയം കൂടാതെ മറ്റുള്ളവരെ ദൈവത്തിനായി നേടുവാൻ രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുവാൻ ദൃഢചിത്തരാകണം.

വീണ്ടും മൂന്നാമത്തെ ദാസൻ തന്റെ യജമാനന്റെ മുഖത്തുനോക്കി അദ്ദേഹത്തെ വിധിക്കുകയാണ് ചെയ്യുക. നീ കഠിന ഹൃദയനാണ്, വയ്ക്കാത്തത് എടുക്കുന്നവനാണ്. വിതയ്ക്കാത്തത് കൊയ്യുന്നവനാണ്. തന്റെ അലസതയും നിഷ്ക്രിയത്വവും കൊണ്ട് താലന്ത് മറച്ചു വച്ചിട്ട് അവൻ യജമാനനെ കുറ്റ

പ്പെടുത്തുന്നു; വിമർശിക്കുന്നു. സമയമാകുന്നതിനുമുമ്പേ ആരെയും നാം വിധിക്കരുത്. ദൈവം സത്യം വെളിപ്പെടുത്തുന്നതുവരെ കാത്തിരിക്കണം. താരതമ്യപ്പെടുത്തലുകൾ വളർച്ചയുടെയും വിജയത്തിന്റെയും പാതയിൽ തടസ്സങ്ങളായി മാറുവാൻ സാധ്യതയുണ്ട്. ദൈവം ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ കഴിവുകളാണ് നൽകിയിരിക്കുന്നത്. നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്ന പ്രവണത നല്ലതല്ല. തന്ന കഴിവുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തണമെന്നു മാത്രമേ ദൈവം ആഗ്രഹിക്കുന്നുള്ളൂ.

ഈ ഉപമ നമുക്കു പറഞ്ഞുതരുന്ന മറ്റൊരു സത്യം ദൈവത്തിന്റെ നീതിയെക്കുറിച്ചാണ്. ഒരിക്കലും നമ്മുടെ കഴിവിനപ്പുറമായി ഒരു ഉത്തരവാദിത്വവും ദൈവം നമുക്ക് നൽകുന്നില്ല. അതിനാൽ നാം ദൈവത്തെ എല്ലാ താലന്തകളും ഉപയോഗിച്ച് മഹത്വപ്പെടുത്തണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുണ്ട്. ഒന്നും ചെയ്യാത്ത വ്യക്തി ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ഉള്ളവന് വീണ്ടും നൽകപ്പെടും; ഇല്ലാത്തവനിൽ നിന്ന് ഉള്ളതുകൂടി എടുക്കപ്പെടും. ഇതാണ് ദൈവത്തിന്റെ നീതി എന്നു കൂടി നാം വിസ്മരിക്കരുത്.

നമ്മുടെ കഴിവുകളൊന്നും നമ്മുടെ സ്വന്തമല്ല. ദൈവം ദാനമായി നൽകിയ നന്മകളാണ്. ഒരു കഴിവ് കഴിവായി മാറുന്നത് അത് മറ്റുള്ളവർക്ക് നന്മയായി, പ്രയോജനമായി മാറുമ്പോഴാണ്, ഒരു തോണി ആരെയും അക്കരയ്ക്കു കയറ്റാതെ വെറുതെ ഒഴുകുമ്പോൾ ഒരു തോണിയായി അതിനെ കണക്കാക്കാനാവുകയില്ല. ദൈവം നൽകിയ കഴിവുകളിൽ ദൈവാശ്രയത്വത്തിന്റെ പേര് ചേർത്തുവയ്ക്കാനായാൽ ജീവിതവിജയം സുനിശ്ചിതമാണ്. മുടിയനും മടിയനുമായ ദാസനെ പോലെ ജീവിതയാത്രയിൽ പരാജയം പരിഗ്രഹിക്കാതിരിക്കാൻ ആത്മപരിശോധനയിലൂടെ സ്വയം ബലപ്പെടുത്തണം. നിത്യവും ജീവിതവിളിയോടും നിയോഗങ്ങളോടും ഉത്തരവാദിത്തങ്ങളോടും പുലർത്തുന്ന ആത്മാർത്ഥതയുടെ അളവുകോലാവും നമ്മുടെ നിലപാടുകളും നിശ്ചയദാർഢ്യവും. അചഞ്ചലമായ വിശ്വാസവും അപാരമായ പ്രതീക്ഷയും ഉണ്ടെങ്കിൽ ഏതു പാതാളത്തിന്റെയും ഇരുളറകൾ പിളർന്ന് വെളിച്ചത്തിന്റെ വെള്ളിത്തിളക്കത്തിലേക്കുയരാൻ മനുഷ്യനു കഴിയും.

വിജയം തേടിയുള്ള നമ്മുടെ യാത്രയിൽ വഴി മറഞ്ഞു പോയാലും, മൊഴി മറന്നുപോയാലും തളരാതെ കാത്തിരുന്ന് വിജയം നേടണം. പ്രതീക്ഷ വിജയത്തിന്റെ മാതാവാണ്. കയ്യിൽ കിട്ടിയ താലന്തു കൊണ്ട് ഒന്നും ചെയ്യാതെ കടുത്ത നിസ്സംഗതിയിലായിരിക്കുന്നത് ഉഗ്ര തിന്മകളിലൊന്നാണ്. സാഹചര്യം അനുകൂലമാക്കാൻ നോക്കിയിരിക്കുന്നതും സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തി എടുക്കുന്നതും രണ്ടുതരം കർമ്മങ്ങളാണ്. ലഭിച്ച താലന്തുകളിൽ തുല്യതയില്ലെങ്കിലും അധ്വാനത്തിൽ തുല്യരാകാം. അധ്വാനത്തിന്റെ ഫലം കൂടുതൽ അധ്വാനമാണ്. ഇരട്ടിയായി വർദ്ധിപ്പിച്ചവരോട് വിശ്രമിക്കുവാനോ വെറുതെ ഇരിക്കുവാനോ അല്ല യജമാനൻ പറയുന്നത്. കൂടുതൽ അധ്വാനിക്കാനും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനുമാണ് പറയുക. ഉപയോഗിക്കാതിരുന്നാൽ ഇരുമ്പ് തുരുമ്പിക്കും, കെട്ടിക്കിടക്കുന്ന വെള്ളത്തിന് പരിശുദ്ധി നഷ്ടപ്പെടും, പ്രവർത്തിക്കാതിരുന്നാൽ മനസ്സിന്റെ ശക്തി ചോർന്നുപോകും. നിങ്ങൾക്ക് കിട്ടിയിരിക്കുന്ന കൃപ ഫലശൂന്യമാക്കരുതെന്നും നിങ്ങളുടെ മേൽ ദൈവം ചൊരിഞ്ഞ കൃപ വ്യർത്ഥമാക്കരുതെന്നും വിശുദ്ധ പൗലോസ് ശ്ലീഹ കൊറിന്തോസു

കാർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. അഞ്ചും രണ്ടും താലന്ത് കിട്ടിയവർ ഉടനെ വ്യാപാരം തുടങ്ങുന്നു. വിവേകപൂർവം വർധിപ്പിച്ച് അഭിനന്ദനത്തിന് അർഹരാകുന്നു.

നമ്മുടെ സാമൂഹ്യ സേവനവും ഇടവക സേവനവും കുടുംബജീവിത വുമൊക്കെ ദൈവം ഏൽപ്പിച്ച നന്മകളും കഴിവുകളും ആകുന്ന താലന്തുക ളുടെ ഉദാരമായ വർദ്ധിപ്പിക്കലായിട്ടാണോ നിർവഹിക്കപ്പെടുന്നതെന്ന് നമുക്ക് ആത്മപരിശോധന നടത്തുകയും ദൈവത്തിന്റെ അനുഗ്രഹത്തിനും ആശീർ വാദത്തിനും ഇടയാകത്തക്ക വിധം ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യാം

❖